ഉടനീളമുള്ള കോളേജുകളിൽ ഇൻകുബേഷൻ സെന്ററുകളും, സ്കിൽ ഡെവലപ്പ്മെന്റ് സെന്ററും തുടങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. വിദ്യാർത്ഥി/യുവസംരംഭകരിൽ നിന്നും അവരുടെ നൂതന ആശയങ്ങൾ സമാഹരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ഏകദേശം എഴുപതോളം ആശയങ്ങളാണ് കെ.എസ്.ഐ.ഡി.സി.-യിൽ ലഭിച്ചത്. ഇവയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട നാല് നൂതന ആശയങ്ങൾക്ക് 25 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുയുമുണ്ടായി.

കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്ത വ്യവസായ സംരംഭകരുടെ വിശദാംശങ്ങളും അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും നിക്ഷേപവും സംബന്ധിച്ചുള്ള വിശദാംശങ്ങളും അനുബന്ധം - II ആയി ചേർത്തിട്ടുണ്ട്.*

സിഡ്കോയുടെ കീഴിൽ പുതുതായി ആരംഭിച്ചതും നിലവിൽ പ്രവർത്തിക്കുന്നതുമായ വ്യവസായ യൂണിറ്റുകളുടെ വിവരം അനുബന്ധം - III ആയി ചേർത്തിരിക്കുന്നു.*

കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ

151(2140) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ ലേ ഓഫിലേക്ക് നീങ്ങുകയും തൊഴിലാളികൾക്ക് ജോലിയും ശമ്പളവും ലഭിക്കാത്ത സാഹചര്യം ഉണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത മിൽ നവീകരിക്കുന്നതിനും തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുമായി എൻ.സി.ഡി.സി.-യുമായി ചേർന്ന് തയ്യാറാക്കിയ പദ്ധതി പ്രകാരം എൻ.സി.ഡി.സി.-യിൽ നിന്നും 51.66 കോടി രൂപ ലഭിച്ചിരുന്നുവോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നൽകേണ്ട 5.74 കോടി രൂപ മില്ലിന് നൽകിയോ ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ ; തുക നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) തൊഴിലാളികൾക്ക് സർക്കാർ വിഹിതമായി നൽകേണ്ടതും, തൊഴിലാളികളിൽനിന്നും ശേഖരിച്ചതുമായ ഇ.എസ്.ഐ., എൽ.ഐ.സി., പ്രോവിഡണ്ട് ഫണ്ട് എന്നീ തുകകൾ യഥാസമയം ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകാത്ത വിവരം ശ്രദ്ധിച്ചിരുന്നോ ; എങ്കിൽ ഓരോ ഇനത്തിലും അടയ്ക്കുവാനുള്ള തുക എത്രയാണെന്നും,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആയത് ഏതൊക്കെ കാലയളവിലേതാണെന്നും അറിയിക്കുമോ ;

(ഇ) മില്ലിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(എഫ്) മിൽ പൂർണതോതിൽ പ്രവർത്തിപ്പിക്കുവാൻ എന്നത്തേക്ക് കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2014 നവംബർ മാസം മുതൽ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ ഭാഗികമായി ലേ-ഓഫിലായിരുന്നു. 2015 മേയ് മാസം 17 മുതൽ സാമ്പത്തിക ബുദ്ധിമുട്ടുമൂലം പൂർണ്ണമായി ലേ-ഓഫ് ചെയ്യേണ്ടിവന്നു. എന്നാൽ ഏപ്രിൽ മാസംവരെയുള്ള ശമ്പളം എല്ലാ തൊഴിലാളികൾക്കും വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ 10-6-2015 മുതൽ മില്ലിൽ ഭാഗികമായി ലേ-ഓഫ് പിൻവലിച്ചിട്ടുണ്ട്.

(ബി) എൻ.സി.ഡി.സി.-യിൽ നിന്നും 43.04 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല. കഴിഞ്ഞ സാമ്പത്തിക വർഷം ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 100 ലക്ഷം രൂപ വിതരണം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2015-16-ൽ 200 ലക്ഷം രൂപയും ഈയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) ലേ-ഓഫ് കാരണം ഇ.എസ്.ഐ, എൽ.ഐ.സി. പ്രോവിഡണ്ട് ഫണ്ട് എന്നിവ അടയ്ക്കാൻ സാധിച്ചിട്ടില്ല. ഓരോ ഇനത്തിലും അടയ്ക്കാനുള്ള തുക ചുവടെ ചേർക്കുന്നു :

ഇ.എസ്.ഐ. (2014 ഒക്ടോബർ മാസം മുതൽ 2015 ഏപ്രിൽ വരെ)	₹ 13,39,930
പ്രോവിഡന്റ് ഫണ്ട് (2014 ആഗസ്റ്റ് മാസം മുതൽ 2015 ഏപ്രിൽ വരെ)	₹ 72,99,954
എൽ.ഐ.സി (2014 ഒക്ടോബർ മാസം മുതൽ 2015 ഏപ്രിൽ വരെ)	₹ 2,68,000

(ഇ) 2014-15 സാമ്പത്തിക വർഷത്തിൽ മില്ലിന് 61.15 ലക്ഷം രൂപയും 2015-16 വാർഷിക ബഡ്ജറ്റിൽ 200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ മില്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നവീകരണം നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതു പൂർത്തീകരിക്കുന്ന മുറയ്ക്ക് മില്ലിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണ്.

(എഫ്) 2015 ജൂലൈ മാസത്തിൽ മില്ലിലെ മെഷീനുകൾ പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നവീകരണം നടപ്പിലാക്കുന്നതോടൊപ്പം 25000 സ്പിൻഡിൽസും പ്രവർത്തിപ്പിക്കാവുന്നതാണ്.

കൊച്ചി-മംഗലാപുരം വാതക പൈപ്പ് ലൈൻ

152(2141) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി-മംഗലാപുരം വാതക പൈപ്പ് ലൈൻ പ്രവൃത്തി പുരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ജനവാസ കേന്ദ്രങ്ങളിലൂടെ ഗെയിലിന്റെ വാതക പൈപ്പ് ലൈൻ കടന്നുപോകുന്ന എന്ന കാരണത്താൽ നിരവധി മേഖലയിൽ ജനകീയ പ്രതിഷേധങ്ങൾ ഉയർന്നുവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജനങ്ങളെ വിശ്വാസത്തിലെടുത്ത് മതിയായ നഷ്ട പരിഹാരം നൽകി പരാതികളില്ലാത്തവിധം പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എറണാകുളം, മലപ്പുറം, ജില്ലകളിലെ പഞ്ചനാമ തയ്യാറാക്കുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ട്. വെൽഡിംഗ് കഴിഞ്ഞ് ഉപരിതലത്തിൽ കിടക്കുന്ന 32 കിലോമീറ്റർ ദൂരത്തിലുള്ള പൈപ്പുകൾ കുഴിച്ചിടുന്നതിനായി 11-6-2015-ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പൈപ്പിടൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലയിൽ, ജില്ലാ കളക്ടർ, ഒറ്റപ്പാലം സബ്കളക്ടർ, ആർ.ഡി.ഒ., പൈപ്പ് ലൈൻ കടന്നുപോകുന്ന വില്ലേജിലെ വില്ലേജ് ഓഫീസർമാർ എന്നിവരടങ്ങുന്ന ഒരു ടീം രൂപവത്ക്കരിച്ചിട്ടുണ്ട്.

(ബി) ജനവാസ കേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുവാനാണ് ഗെയിൽ പരിശ്രമിക്കുന്നത്. എന്നിരുന്നാലും ജനവാസ കേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കുക എന്നത് പ്രായോഗികമല്ല. ഇതിനെതുടർന്ന് ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

(സി) ജനങ്ങളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമേ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയാക്കുകയുള്ളൂ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly